"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ഇ-ടെണ്ടർ നടപടികൾക്ക് മാത്രമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 6810/2023/ധന** **തീയതി, തിരുവനന്തപുരം 26.09.2023**

---

പരാമർശം : കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.06.2023 ലെ എസ്റ്റാ1/7228/2022-23/KSLASWFB നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ഇ-ടെണ്ടർ നടപടികൾക്ക് മാത്രമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്ന് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ഇ-ടെണ്ടർ നടപടികൾക്ക് മാത്രമായി, സർക്കാർ ഫണ്ടുകൾ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് എസ്.ബി.ഐ, സ്റ്റാച്യു സിറ്റി ബ്രാഞ്ചിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, ഹെഡ് ഓഫീസ്, തിരുവനന്തപുരം.
നികുതി (എച്ച്) വകുപ്പ് (UO (F) No.TAXES-H1/193/2023-TAXES കമ്പ്യൂട്ടർ നമ്പർ 2474110 പ്രകാരം)
ധനകാര്യ (വ്യയം-ബി ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 2489045)

ഉത്തരവിൻ പ്രകാരം

Manju C

അക്കൗണ്ട്സ് ഓഫീസർ